"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകപ്പ്- ലീഗൽ മെട്രോളജി - ശ്രീ. നാസർ കൊയിലോത്തൻകണ്ടിയിൽ-ന്റെ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.50/2024/CAD   തീയതി,തിരുവനന്തപുരം, 19-12-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 42/2023/ഉ.കാ.വ., തീയതി, 07.08.2023.

2. അക്കൗണ്ടന്റ് ജനറലിന്റെ 22.08.2024 ലെ GE18/F/L/M/N-03/ 1085219/340 നമ്പർ കത്ത്

3. ലീഗൽ മെട്രോളജി കൺട്രോളറുടെ 12.10.2024 ലെ LMD-HQ/796/2023 - B3 നമ്പർ കത്ത്

<u>ഉത്തരവ്</u>

ലീഗൽ മെട്രോളജി വകുപ്പിൽ ഡെപ്യൂട്ടി കൺട്രോളറായ ശ്രീ. നാസർ കൊയിലോത്തൻകണ്ടിയിൽ-ന്റെ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി പരാമർശം (3) പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ ശിപാർശ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2)പരാമർശം (1) ഉത്തരവ് പ്രകാരം ഡെപ്യൂട്ടി കൺട്രോളറായി സ്ഥാനക്കയറ്റം ലഭിച്ച നാസർ കൊയിലോത്തൻകണ്ടിയിൽ 18.08.2023 അപരാഹ്നത്തിൽ സ്ഥാനമേല്ക്കുകയും, ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ കാലയളവായ 6 മാസ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും ശ്രീ.നാസർ എടുത്തിട്ടില്ല എന്നും അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം സാക്ഷ്യപ്പെടുത്തുന്നു. ഡെപ്യൂട്ടി കൺട്രോളർ തസ്തികയിൽ ശ്രീ.നാസർ കൊയിലോത്തൻകണ്ടിയിലിന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും അച്ചടക്ക നടപടികളൊന്നും ടിയാനെതിരെ നിലവിലില്ലാത്തതുമാണെന്നും, അതിനാൽ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കുന്ന 19.02.2024 പൂർവാഹ്നത്തിൽ ടിയാന്റെ പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവാകണമെന്നു കൺട്രോളർ ശിപാർശ ചെയ്യുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി വകുപ്പിലെ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിൽ പ്രൊബേഷൻ കാലാവധി

പൂർത്തിയാക്കിയ ശ്രീ.നാസർ കൊയിലോത്തൻകണ്ടിയിൽ-ന്റെ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ താഴെ പറയും പ്രകാരം പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

| പേര്, ഉദ്യോഗപേര് | ഡെപ്യൂട്ടി കൺട്രോളർ തസ്തികയിൽ പ്രവേശിച്ച തീയ്യതി | ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് | പ്രൊബേഷന് കണക്കാക്കാത്ത കാലയളവ് | പ്രൊബേഷൻ പ്രഖ്യാപിക്കുന്ന തീയതി |
|---|---|---|---|---|
| ശ്രീ.നാസർ കൊയിലോത്തൻകണ്ടിയിൽ, (PEN-377180) ഡെപ്യൂട്ടി കൺട്രോളർ | 18.08.2023 അപരാഹ്നം | തുടർച്ചയായ 6 മാസം | ഇല്ല | 19.02.2024 പൂർവാഹ്നം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീന.എ.എൻ

ജോയിന്റ് സെക്രട്ടറി

കൺട്രോളർ,ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം

ശ്രീ. നാസർ കൊയിലോത്തൻകണ്ടിയിൽ, ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി (ഫയൽ നം.സിഎ4/129/2024/സിഎഡി).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ